# GOVERNMENT OF KERALA

## Abstract

Public Works Department - Dispute No. 02 & 04 involved in E.P. No. 765/2015 in OP (Arb) 685/2015 and Arb (Appeal) No.28/2015- - Complied with - Ratifying the action of sanctioning Rs.49,36,41,826/- to M/s Road Builders (M)Sdn Bhd- Orders Issued.

---

**PUBLIC DEPRTMENT(D)DEPARTMENT**

G.O.(Ms)No.5/2025/PWD Thiruvananthapuram, Dated 25-01-2025

---

Read: G.O.(Rt)No.1648/2023/PWD Dated 30-12-2023

## ORDER

As per the Government order read above, Administrative Sanction has been accorded for an amount Rs.49,36,41,826/- for making payment to M/s Road Builders (M)Sdn Bhd relating to Settlement of dispute No. 02 & 04 involved in E.P. No. 765/2015 in OP (Arb) 685/2015) and Arb (Appeal) No. 28/2015, subject to the condition that place the matter before the Council of Ministers for ratifying the payment.

2. Government are pleased to ratify the payment of Rs.49,36,41,826/-(Rupees Forty nine Crore thirty six lakhs forty one thousand eight hundred and twenty six only) vide order read above for making payment to M/s Road Builders (M)Sdn Bhd relating to the Settlement of dispute No. 02 & 04 involved in Arb (Appeal) No. 28/2015

and E.P. No. 765/2015 in OP (Arb)685/2015.

(By order of the Governor)
Dr Vasuki K I A S
SECRETARY

To:

The Project Director, Kerala State Transport Project
The Principal Accountant General (Audit/A&E), Kerala, Tvpm.
GA(SC) Department (vide item **No.2646** dated 22.01.25)
The Finance Department
( I&PW-B3/305/2022-FIN9(E- 2179146 dated 23/12/2023)
The Information Officer, Web & New Media

Forwarded /By order
Signed by
Chithra G S
Date: 25-01-2025 14:11:28
Section Officer

Copy to-1. The Private Secretary to Chief Minister
2. The Private Secretary to Minister (PWD)
3. The PA to Secretary (PWD)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. ഡി2/173/2022/പൊ.മ.വ. ഇനം നം: 2646

വിഷയം : പൊതുമരാമത്ത് വകുപ്പ് - Arb(Appeal)No.28/2015, E.P.No. 765/2015 in OP(Arb) 685/2015 എന്നീ കേസുകളിൽ ഉൾപ്പെട്ട 02 & 04 നമ്പർ വ്യവഹാരങ്ങൾ തീർപ്പാക്കിയതുമായി ബന്ധപ്പെട്ട് M/s.Road Builders (M) Sdn Bhd-ന് നൽകുന്നതിന് ആവശ്യമായ തുകയായ Rs.49,36,41,826/- അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2646

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി2/173/2022/പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | Arb (Appeal) No. 28/2015 , E.P.No.765/2015 in OP(Arb) 685/2015 എന്നീ കേസുകളിൽ ഉൾപ്പെട്ട 02 & 04 നമ്പർ വ്യവഹാരങ്ങൾ തീർപ്പാക്കിയതു മായി ബന്ധപ്പെട്ട് M/s.Road Builders (M) Sdn Bhd ന് നൽകുന്നതിന് ആവശ്യമായ തുകയായ Rs.49,36,41,826/- അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കണമെന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30/12/2023 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| | | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശ്രീദേവി ഇ. എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.10.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.01.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

Arb (Appeal) No. 28/2015, E.P. No. 765/2015 in OP (Arb)685/2015 എന്നീ കേസുകളിൽ ഉൾപ്പെട്ട 02 & 04 നമ്പർ ഡിസ്പ്യൂട്ടുകൾ തീർപ്പാക്കിയതുമായി ബന്ധപ്പെട്ട 30-12-2023 തീയതിയിലെ ജി.ഒ(ആർ.ടി)നം.1648/2023/പൊ.മ.വ ഉത്തരവ് പ്രകാരം M/s. Road Builders (M)Sdn Bhd ന് ആവശ്യമായ തുകയായ Rs.49,36,41,826/- അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കണമെന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. കെ.എസ്.ടി.പി. ഫേസ് 1 കെ.എസ്.ടി.പി. V- പാലക്കാട്-ഷൊർണ്ണൂർ (Ch.0.000 to 45.300) തൃശ്ശൂർ-കുറ്റിപ്പുറം (Ch.19.600 to 52.680) സംസ്ഥാന പാതകളുടെ നവീകരണം എന്ന പ്രവൃത്തിയുടെ 140,50,48,263/- രൂപയുടെ എഗ്രിമെന്റ് പൊതുമരാമത്ത് സെക്രട്ടറിയും M/s Road Builder (M) Sdn Bhd ഉം തമ്മിൽ 07.11.2002 ൽ ഒപ്പ് വച്ചു. പൂർത്തീകരണ കാലാവധിയ്ക്കുള്ളിൽ കരാറുകാരന് പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. എന്നിരുന്നാലും, ഷെഡ്യൂൾ അനുസരിച്ച് എല്ലാവിധത്തിലും ജോലി പൂർത്തിയാക്കാൻ കരാറുകാരൻ സമ്മതിച്ചതിൻ പ്രകാരം 03.01.2006-ന് ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സെക്ഷൻ അടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കുന്നതിനുള്ള പുതുക്കിയ ടാർഗറ്റ് തീയതികൾ തീരുമാനിച്ചു. 02.03.2006 ന് കൂടിയ ചീഫ് സെക്രട്ടറി അധ്യക്ഷനായ 37-ാമത് സ്റ്റിയറിംഗ് കമ്മിറ്റി ഈ തീയതികൾ അംഗീകരിക്കുകയും വിവിധ സ്ട്രെച്ചുകൾക്കായി പൂർത്തീകരിക്കുന്നതിനുള്ള തീയതി നിശ്ചയിച്ചത് സാധൂകരിക്കാനും കാലതാമസമുണ്ടായാൽ ലിക്വിഡേറ്റഡ് ഡാമേജസ് ചുമത്താനും സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചു. 31.12.2005 വരെ പൂർത്തീകരണ കാലാവധി ദീഘിപ്പിച്ച് നൽകിയതിന് ശേഷവും ജോലിയുടെ മെല്ലെപ്പോക്ക് സംബന്ധിച്ച് കരാറുകാരന് പലതവണ നോട്ടീസ് നൽകിയെങ്കിലും പുരോഗതി കൈവരിക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടു. തുടർന്ന് കാലാവധി നീട്ടിനൽകാൻ ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചില്ല. മാത്രമല്ല ഇതിനായി LD ചുമത്തിയതിനെ കരാറുകാരൻ എതിർക്കുകയും ആർബിട്രേഷന് നൽകണമെന്ന് ചൂണ്ടികാട്ടി നോട്ടീസ് നൽകുകയും ചെയ്തു. ഒടുവിൽ കരാറുകാരൻ 22.11.06-ന് സ്വയം പിരിഞ്ഞുപോകുന്നതിനുള്ള നോട്ടീസ് നൽകി. പിന്നീട്, 29 മുതൽ 33 വരെയുള്ള Interim Payment Certificate ന്റെ തുക

നൽകാത്തതുമായി ബന്ധപ്പെട്ട് കരാറുകാരൻ വ്യവഹാരം നമ്പർ 2 ഉന്നയിച്ചു. വിഷയം ആർബിട്രൽ ട്രൈബ്യൂണലിന് മുമ്പാകെ റഫർ ചെയ്തു. പ്രതിവർഷം 12% എന്ന നിരക്കിൽ അനുവദിക്കുന്നത് വരെയുള്ള പലിശ സഹിതം ഐ.പി.സി. പ്രകാരമുള്ള തുക ലഭിക്കാൻ കക്ഷിക്ക് അർഹതയുണ്ടെന്ന് ട്രൈബ്യൂണൽ വിധിച്ചു.

3. IPC (Interim Payment Certificate) ൽ തുക നൽകാത്തതുമായി ബന്ധപ്പെട്ട വ്യവഹാരം നമ്പർ 2 ൽ ആർബിട്രേഷൻ ട്രിബ്യൂണൽ പാസാക്കിയ അവാർഡിനെതിരെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കക്ഷിയായി OP(Arb) 397/2011 ഫയൽ ചെയ്തിരുന്നു. ബഹു. തിരുവനന്തപുരം അഡീഷണൽ ജില്ലാ കോടതി ആർബിട്രേഷൻ ട്രിബ്യൂണൽ പാസാക്കിയ അവാർഡ് ശരിവയ്ക്കുകയും IPC (Interim Payment Certificate) ൽ ഉൾപ്പെടുന്ന തുക തടഞ്ഞ് വയ്ക്കുന്നതിന് അധികാരമില്ല എന്ന് ചൂണ്ടിക്കാട്ടി, 1996 ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ടിന്റെ സെക്ഷൻ-34 പ്രകാരം സംസ്ഥാനം ഫയൽ ചെയ്ത OP(Arb) 397/2011 കേസ് തള്ളുകയും ചെയ്തു.

4. പ്രസ്തുത ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ആർബിട്രേഷൻ അപ്പീൽ നമ്പർ 28/2015 ഫയൽ ചെയ്തു. ഇതേ വർക്കുമായി ബന്ധപ്പെട്ട് കരാറുകാരനും കെ.എസ്.ടി.പി. യും തമ്മിലുള്ള മറ്റൊരു വ്യവഹാരമാണ് വ്യവഹാരം(Dispute) നമ്പർ 4. LD, BOQ തുടങ്ങിയവ റിലീസ് ചെയ്യാത്തതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതാണ് വ്യവഹാരം(Dispute) നമ്പർ 4 . ഇതിൽ, 04.07.2013 ന് കരാറുകാരന് അനുകൂലമായി അവാർഡ് അനുവദിച്ചു. മേൽപ്പറഞ്ഞ ഉത്തരവുകൾക്കെതിരെ കെഎസ്.ടി. പി ജില്ലാ കോടതിയിൽ ഒപി ആർബിട്രേഷൻ 685/2015 പ്രകാരം അപ്പീൽ നൽകി. പിന്നീട് കേസ് വാണിജ്യ കോടതിയിലേക്ക് (പ്രിൻസിപ്പൽ സബ് കോടതി, ടിവിഎം) മാറ്റി OP(Arb) 67/2020 എന്ന് പുനർനാമകരണം ചെയ്തു.

5. അതിനിടയിൽ, രണ്ട് വ്യവഹാരങ്ങളും ഒരു ജോയിന്റ് സെറ്റിൽമെന്റിലൂടെ പരിഹരിക്കുന്നതിന് M/s. Road Builders സർക്കാരിനോട് അഭ്യർത്ഥിക്കുകയും ഈ വിഷയത്തിൽ കെ.എസ്.ടി.പി ചീഫ് എഞ്ചിനീയർ 16.05.2019 ന് നടത്തിയ യോഗത്തിൽ രണ്ട് വ്യവഹാരങ്ങളും( വ്യവഹാരം നമ്പർ 2 & 4) ജോയിന്റ് സെറ്റിൽമെന്റായി പരിഗണിക്കുന്നതിന്, വ്യവഹാരം നമ്പർ 4 ആർബിട്രേഷൻ

ട്രിബ്യൂണൽ അവാർഡ് ലെ രണ്ട് ഇനങ്ങൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കണമെന്ന് M/s. Road Builders നോട് ആവശ്യപ്പെടുകയും ചെയ്തു.

6. ഈ വിവരങ്ങൾ 25.05.2022-ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഗവൺമെന്റ് പ്ലീഡർ സമർപ്പിക്കുകയും ഡിവിഷൻ ബഞ്ച് ഈ കേസിന്റെ അർഹമായ വിവരങ്ങൾ പരിഗണിക്കാതെ, കക്ഷികൾക്കിടയിൽ amicable settlement ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചു. മധ്യസ്ഥതയിലൂടെ ഒത്തുതീർപ്പിനുള്ള സാധ്യതകൾ പരിഗണിക്കുന്നതിന് ഗവൺമെന്റ് പ്ലീഡർ ശിപാർശ ചെയ്യുകയും ഒത്തുതീർപ്പിലൂടെ പരിഹരിക്കുന്നതാണ് കൂടുതൽ അഭികാമ്യം എന്ന് ചൂണ്ടികാട്ടി ഒത്തുതീർപ്പ് ചർച്ചകൾ നടത്താൻ ഒരു competent officer നെ ചുമതലപ്പെടുത്താൻ അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിക്കുകയും ചെയ്തു.

7. കരാറുകാരന്റെ അവകാശവാദം ഒരു പരിധിവരെ അനുവദിക്കുന്നതിലൂടെ, കെ.എസ്.ടി.പി.യുടെ ഭാഗത്തുനിന്ന് ചില വിട്ടുവീഴ്ചകൾ നൽകേണ്ടി വരും എന്നതിനാൽ ഫയൽ ധനകാര്യ വകുപ്പിന് അഭിപ്രായത്തിന് നൽകിയപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"Administrative Department is informed that on examination of the documents submitted, it is observed that there are no valid reasons to withhold the value of works executed by the Contractor, which are duly certified by the Independent Engineer for the Project. The KSTP officials could not furnish any valid grounds contrary to the above.*

*Hence, AD is advised to issue concurrence for settlement of Dispute No.02 & 04 for the Project by agreeing to make payments for the works executed by the Contractor, which are duly certified by the Independent Engineer.*

*However, the interest and other claims, if any, cannot be agreed to totally during the amicable settlement and CE may be advised to submit the settlement case with details of the case after conducting negotiations with the agency.*

*Administrative Department is advised to seek the remarks of Law department also before issue of concurrence to CE for amicable settlement of the dispute".*

8. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം ഫയൽ നിയമവകുപ്പിന് അഭിപ്രായത്തിന് നൽകിയപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"1996*-ലെ *Arbitration and Conciliation Act*-ന്റെ *30(1)* പ്രകാരം *arbitration* നടപടി തുടരുന്ന സാഹചര്യത്തിൽ *Arbitral Tribunal*-ന് *party*-കളോട് ***dispute settle*** ചെയ്യാൻ ആവശ്യപ്പെടാവുന്നതും, പ്രസ്തുത ***settlement record*** ചെയ്തു കൊണ്ട് *Arbitral Tribunal*-ന് ***award*** പ്രഖ്യാപിക്കാവുന്നതുമാണ് എന്ന് കാണുന്നു. ആ നിലയ്ക്ക്, ഈ വിഷയത്തിൽ ഇരു കക്ഷികളും ചേർന്ന് ബഹു.കേരള ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ *Amicable Settlement* -ന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു നിയമതടസ്സമില്ല.

ഈ വിഷയത്തിനു മേലുള്ള *Advocate General*-ന്റെ *24.9.2022* -ലെ കത്തിൽ വിശദമാക്കിയിരിക്കുന്നത് പ്രകാരം ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള *Arbitration Appeal* കേസിൽ വിജയസാധ്യത വളരെ കുറവാണെന്നും, ***contractor mediation*** നടപടികൾ ***3*** മാസത്തിനകം തീരുമാനം കൈക്കൊള്ളാതിരുന്നാൽ ***mediation proposal withdraw*** ചെയ്യുമെന്ന് കാണിച്ച് ***16.9.2022*** ന് ബഹു.കേരള ഹൈക്കോടതിയെ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും *Advocate General*-ന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പിന് *authorised officer*-നെ ചുമതലപ്പെടുത്താവുന്നതാണ്".

9. 06-02-2023 തീയതിയിലെ ജി.ഒ.(ആർ.റ്റി)നം.123/2023/പൊ.മ.വ പ്രകാരം 1996 ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ട് 30(1) പ്രകാരം amicable settlement -നായി സർക്കാരിനെ പ്രതിനിധീകരിക്കാൻ പൊതുമരാമത്ത് വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുകയും മധ്യസ്ഥ ചർച്ചയുടെ ഫലം കെ.എസ്.ടി.പിയുടെ സ്റ്റിയറിങ് കമ്മിറ്റിക്ക് മുമ്പാകെ വെച്ചതിന് ശേഷം മാത്രമേ അന്തിമ തീരുമാനം എടുക്കാവൂ എന്നും ഉത്തരവായി.

10. ജസ്റ്റിസ് എ.ഹരിപ്രസാദിനെ (റിട്ട.) മദ്ധ്യസ്ഥനായി ബഹു. ഹൈക്കോടതി നിയമിച്ചു. മധ്യസ്ഥ ചർച്ചയിൽ തുടർച്ചയായി സിറ്റിങ്ങുകൾ നടന്നു. ആദ്യ മധ്യസ്ഥചർച്ച 06.03.2023 ന് നടക്കുകയും പരാതി കമ്പനിയോട് ഡിസ്പ്യൂട്ട് IV ന്റെ തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു. തുടർന്ന് 14.03.2023 ൽ നടന്ന മധ്യസ്ഥ ചർച്ചയിൽ കമ്പനി ഉന്നയിച്ച ക്ലെയിം ബോധ്യപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുമായി നേരിൽ കാണേണ്ടതാണെന്ന് ഗവ.പ്ലീഡർ അഭിപ്രായപ്പെട്ടു.

25.03.2023 ൽ നടന്ന മൂന്നാമത്തെ ചർച്ചയിൽ സർക്കാരിന്റെ കണക്കു പ്രകാരം പ്രിൻസിപ്പൽ തുക 24,52,13,376 രൂപയാണെന്നും എന്നാൽ റദ്ദാക്കിയ തീയതി മുതൽ അവാർഡ് നിശ്ചയിച്ച ദിവസം വരെയുള്ള പലിശ സഹിതം 27,02,45,715 രൂപയാണെന്ന് പരാതി കമ്പനി കണക്കാക്കിയതായും കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ അറിയിച്ചു. കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഇരുകക്ഷികളും എത്രയും വേഗം Settlement നുള്ള സാധ്യത കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇരുവിഭാഗത്തോടും അഭ്യർത്ഥിച്ചു.

11. ചർച്ചയിലെ തീരുമാനപ്രകാരം റെസ്പോൺഡന്റ് കമ്പനി പലിശ നിരക്ക് 12 ശതമാനത്തിൽ നിന്നും 9 ശതമാനമായി കുറയ്ക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച സാഹചര്യത്തിൽ, പലിശ നിരക്കു നിശ്ചയിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

*"Administrative Department is advised to consider the rate of interest for the claim at the prevailing prime lending rates of Kerala Govt. Treasuries ( or 9 % whichever is lower.)"*

12. 03.04.2023 തീയതിയിൽ എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന മധ്യസ്ഥ ചർച്ചയിൽ കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഗവൺമെന്റ് പ്ലീഡർ എന്നിവർ പങ്കെടുത്തു. ആർബിട്രേഷൻ/കോടതിവിധിയുടെ അടിസ്ഥാനത്തിൽ നൽകേണ്ട തുകയുടെ പലിശ സംബന്ധമായ കാര്യങ്ങളായിരുന്നു യോഗത്തിൽ പരിഗണിച്ചത്. ധനകാര്യ വകുപ്പിന്റെ ഉപദേശപ്രകാരമുള്ള പലിശ നിരക്കായ 7.5 % ചർച്ചയിൽ മുന്നോട്ടു വച്ചു. എന്നാൽ അവകാശവാദി 9% ൽ ഉറച്ചുനിന്നു.

05.04.2023-ന് നടന്ന മീഡിയേഷൻ മീറ്റിംഗിൽ, കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ,

സ്ഥാപനം എന്നിവർ വെവ്വേറെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റുകൾ അവതരിപ്പിച്ചു. സർക്കാർ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലെയിമെന്റിന് നൽകേണ്ട ആകെ തുക 7.5% നിരക്കിൽ കണക്കാക്കുകയാണെങ്കിൽ 44,33,59,043 രൂപയും 9% നിരക്കിൽ കണക്കാക്കുകയാണെങ്കിൽ 48,75,22,255.46 രൂപയും ആയിരിക്കും. ക്ലെയിമെന്റ് സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 9% പലിശ നിരക്കിൽ 52,13,40,714.54 രൂപ സർക്കാർ നൽകേണ്ടതുണ്ടെന്ന് കാണുന്നു. ഉത്തരവിന്റെ വ്യാഖ്യാനം കാരണമാണ് തുകയിൽ വ്യത്യാസമുണ്ടായതെന്ന് മധ്യസ്ഥൻ അഭിപ്രായപ്പെടുകയും അതനുസരിച്ച് ക്ലയിമെന്റ് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റിൽ രണ്ട് കോടിയോളം കുറയ്ക്കാൻ കമ്പനി സമ്മതിക്കുകയും ചെയ്തു. ക്ലെയിമുകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിനായി മധ്യസ്ഥൻ ഇനിപ്പറയുന്ന 2 നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

1. Considering the nature, extent and scope of claims, parties are advised to settle the mutual claims once and for all for a sum of Rs.50,00,00,000/-.

2. It is made clear that the Government shall pay the amount within the shortest time possible, as that is the incentive for settlement in so far as the claimant is concerned.

സംസ്ഥാന ഖജനാവിന് വലിയ ബാധ്യതയില്ലാതെ അന്തിമ തീരുമാനമായി mediator മുന്നോട്ട് വച്ച നിർദ്ദേശം എത്രയും വേഗം നടപ്പിലാക്കാവുന്നതാണെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു.

13. ഇക്കാര്യം ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ അഭിപ്രായം ഇപ്രകാരമാണ്:

*"Based on the remarks of Law Department and Advocate General , Administrative Department is requested to ensure the correctness of the figures before effecting payment, ie. the amount due to the Government , if any, to be adjusted from the amount due to the contractor also.*

*The loss sustained by the Government is recovered from the responsible officers*

*who did not take timely action for the foreclosure of the work with risk and cost of the contractor, if there was any breach of contract.*

*As regards the rate of interest Finance stick to our earlier stand (remarks dated 1/04/2023)".*

14. ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം, സമയബന്ധിതമായി കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഫോർക്ളാസ് ചെയ്യാത്തതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന വിഷയം D2/136/2024-PWD എന്ന ഫയലിൽ സ്വീകരിച്ചു വരുന്നു.

15. അടുത്ത മധ്യസ്ഥ യോഗം 29.05.2023-നായിരുന്നു. യോഗത്തിൽ ഗവൺമെന്റ് പ്ലീഡർ., പൊതുമരാമത്ത് വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ പങ്കെടുത്തു. ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയിലാണെന്ന് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. വിഷയം നേരത്തെ തീർപ്പാക്കേണ്ടത് തന്റെ ഉത്തരവാദിത്തമാണെന്ന് യോഗത്തിലെ മീഡിയേറ്റർ വ്യക്തമാക്കിയിരുന്നു. അടുത്ത മധ്യസ്ഥ യോഗം 06.06.2023-നായിരുന്നു. ഗവൺമെന്റ് പ്ലീഡറും ഡെപ്യൂട്ടി സെക്രട്ടറിയും, PWD (സ്പെഷ്യൽ സെക്രട്ടറി, PWD 31.05.2023-ന് വിരമിച്ചു) യോഗത്തിൽ പങ്കെടുത്തു. ചില വിശദീകരണങ്ങൾക്കായി ഫയൽ ധനമന്ത്രിയുടെ പരിഗണനയിലുള്ളതിനാൽ പൊതുമരാമത്ത് ഡെപ്യൂട്ടി സെക്രട്ടറി രണ്ടാഴ്ചത്തെ സമയം ആവശ്യപ്പെട്ടിരുന്നു. അന്തിമ ഹിയറിങ് 23.06.2023-ന് നിശ്ചയിക്കുകയും അന്നത്തെ തീയതിക്ക് മുമ്പ് അന്തിമ തീരുമാനമെടുത്തില്ലെങ്കിൽ, ധനകാര്യ സെക്രട്ടറിയും യോഗത്തിന്റെ ഭാഗമാകുമെന്ന് മീഡിയേറ്റർ നിർദേശിക്കുകയും ചെയ്തു.

23.06.2023-ന് നടന്ന മധ്യസ്ഥ യോഗത്തിൽ, ക്ലെയിമെന്റിന് വേണ്ടി അഭിഭാഷകൻ, ഗവൺമെന്റ് പ്ലീഡർ, പൊതുമരാമത്ത് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ പങ്കെടുത്തു. കെ.എസ്.ടി.പിയിൽ നിന്ന് ആരും ഹാജരായില്ല. ക്ലെയിം ചെയ്യുന്നയാൾക്ക് പ്രതിവർഷം അനുവദനീയമായ പരമാവധി പലിശ നിരക്ക് 7.5%, ട്രഷറികൾ സ്വീകരിച്ചിരിക്കുന്ന ഒപ്റ്റിമൽ ലെൻഡിംഗ് നിരക്ക്, ആണെന്ന അവരുടെ നിലപാടിൽ സർക്കാർ ഉറച്ചുനിൽക്കുന്നതായും ക്ലെയിമെന്റ് ക്ലെയിം ചെയ്യുന്ന 9% പലിശ നിരക്ക് സമ്മതമല്ലെന്നും യോഗത്തിൽ പ്രസ്താവിച്ചു. എഗ്രീഡ് പ്രിൻസിപ്പലിന് 7.5% പലിശ നിരക്കിന്റെ അടിസ്ഥാനത്തിൽ 31.03.2023-ന് വരെ തുക 47,97,85,590.54 രൂപ ആണ്. മേൽപ്പറഞ്ഞ തുകയുടെ സ്വീകാര്യത സംബന്ധിച്ച്

തന്റെ കക്ഷിയിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുണ്ടെന്നും സാധ്യമായ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തുക ഒറ്റത്തവണ നൽകുമെന്ന ഉറപ്പിൽ, സർക്കാർ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശം എല്ലാ ക്ലെയിമെന്റ് അംഗീകരിക്കുന്നുവെന്നും ക്ലെയിമെന്റിന് വേണ്ടിയുള്ള അഭിഭാഷകൻ പറഞ്ഞു. പി.ഡബ്ല്യു.ഡി. യിൽ ഫയൽനീക്കം വേഗത്തിലാക്കാൻ കഴിയുമെന്നും എന്നാൽ ഫണ്ടിന്റെ ലഭ്യത ധനവകുപ്പ് ഉറപ്പാക്കണമെന്നും പൊതുമരാമത്ത് ഡെപ്യൂട്ടി സെക്രട്ടറി വ്യക്തമാക്കി. ഫലപ്രദമായ മധ്യസ്ഥതയ്ക്കും ഒത്തുതീർപ്പിനും കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയറുടെയും ധനകാര്യ സെക്രട്ടറിയുടെയും സാന്നിദ്ധ്യം അനിവാര്യമാണെന്ന് മീഡിയേറ്റർ വിലയിരുത്തി.

16. 26.06.2023-ന് നടന്ന മധ്യസ്ഥ യോഗത്തിൽ, ക്ലെയിമെന്റിന് വേണ്ടി അഭിഭാഷകൻ, ഗവൺമെന്റ് പ്ലീഡർ, ധനകാര്യ വകുപ്പ് സെക്രട്ടറി, കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ പങ്കെടുത്തു. തുക എത്രയും വേഗം നൽകാമെന്ന വ്യവസ്ഥയിൽ 31/03/2023-ന് വരെയുള്ള പലിശ 7.5% നിരക്കിൽ കണക്കാക്കുമ്പോൾ ലഭിക്കുന്ന തുകയടക്കം 47,97,85,590.54/- രൂപയ്ക്ക് തർക്കം തീർപ്പാക്കാൻ ക്ലെയിമെന്റ് സമ്മതം അറിയിച്ചു. 31/12/2023-നോ അതിനുമുമ്പോ കേരള സർക്കാർ ക്ലെയിമെന്റിന് തുക നൽകുമെന്നും ഒരു കാരണവശാലും ഇത് ഇനിയും വൈകിപ്പിക്കില്ലെന്നും ധനവകുപ്പ് സെക്രട്ടറി അറിയിച്ചു. 31/12/2023-നോ അതിനുമുമ്പോ മുഴുവൻ ക്ലെയിം തുകയും നൽകാമെന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം സ്വീകരിക്കാൻ ക്ലെയിമെന്റ് ബാധ്യസ്ഥരാണ്. ക്ലെയിമെന്റിന്റെ അഭിഭാഷകൻ ഒരു കരട് സെറ്റിൽമെന്റ് ഉടമ്പടി തയ്യാറാക്കേണ്ടതാണെന്നും സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയ്ക്ക് പരിശോധിക്കുന്നതിനായി കരട് സെറ്റിൽമെന്റ് ഉടമ്പടി സീനിയർ ഗവൺമെന്റ് പ്ലീഡർക്ക് കൈമാറേണ്ടതാണെന്നും അതുവഴി കൂടുതൽ കാലതാമസം കൂടാതെ അന്തിമ കരാർ തയ്യാറാക്കി ഒപ്പിടാവുന്നതാണെന്നും mediator അറിയിച്ചു.

17. 26-07-2023 തീയതിയിലെ ജി.ഒ.(ആർ.റ്റി.) നം.1014/2023/പൊ.മ.വ പ്രകാരം 7.5% പലിശ ഉൾപ്പെടെ 47,97,85,59,540/- രൂപയുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള തുക 31.12.2023-ന് മുൻപ് കൈമാറുന്നതിനുള്ള സംയുക്ത പ്രസ്താവന കക്ഷികൾ തമ്മിൽ ഒപ്പുവച്ചു.

18. 14.09.2023 തീയതിയിലെ Arb.A.No.28/2015 ലെ വിധി പ്രകാരം ചുവടെ പ്രകാരം ഉത്തരവായി.

# JUDGMENT

Parties have already settled the matter as per the Joint Statement Annexure - A4. Appeal is disposed of as per the Joint Statement of the parties which is made part and parcel of this judgment.

19. 31.12.2023 എന്ന നിയുക്ത ദിവസത്തിന് മുമ്പ് അപ്പീല്വകാർ തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ, സംയുക്ത പ്രസ്താവനയിലെ ക്ലോസ് (3) ഖണ്ഡിക 3 മുതൽ വിധി പ്രകാരം " in the event of the appellants failure to pay the amount before the appointed day that is 31.12.2023, the claimant will be entitled to execute the award in dispute No. 2 and dispute No. 4 as they stands without any kind for concession" എന്നായതിനാലും രണ്ട് വ്യവഹാരങ്ങളിലും യഥാർത്ഥ അവാർഡ് കണക്കിലെടുത്ത് ഇന്ന് നൽകേണ്ട തുക 64 കോടിക്ക് മുകളിലാകുമെന്നതിനാലും (ഏകദേശ കണക്കനുസരിച്ച്) തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു.

20. ഇതിനിടയിൽ, ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച സംയുക്ത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ Arb. അപ്പീൽ നമ്പർ 28/2015-ലെ വിധി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും അല്ലാത്തപക്ഷം ഡിസ്പ്യൂട്ട് നമ്പർ 2, 4 ഉള്ള അവാർഡ് എക്സിക്യൂട്ടബിൾ ആകുകയും പൊതു ഖജനാവിന് വലിയ നഷ്ടം സംഭവിക്കുകയും ചെയ്യുമെന്ന് അഡ്വക്കേറ്റ് ജനറൽ സർക്കാരിനെ ഓർമ്മിപ്പിച്ചു.

21. പൊതുമരാമത്ത് വകുപ്പും M/s Road Builders ഉം തമ്മിലുള്ള സംയുക്ത പ്രസ്താവന പ്രകാരം അവകാശവാദിക്ക് 47,97,85,59,540/- രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾക്കായി ഫയൽ ധനകാര്യ

വകുപ്പിന് കൈമാറിയപ്പോൾ, ആ വകുപ്പിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾ ഇപ്രകാരമാണ്;

*"Administrative Department is kindly informed that AD has not issued orders complying the Judgement dated 14/9/2023 fully. Administrative Department has forwarded the file for releasing only Rs 47,97,85,590.54 (the interest amount till payment as agreed by AD in the Joint settlement has not been calculated nor has been recommended in the AD file)*

*As per the Joint settlement letter, the amount of Rs .47,97,85,590.54 with interest rate @7.5% from 31/3/2023 on the amount awarded till the date of payment needs to be paid.*

*In view of the legal opinion of AG as well as Law Department, finance agrees to the proposal subject to existing rules/orders.*

*Hence AD is requested to issue sanction orders for the exact amount and retransmit the file for releasing the amount".*

22. ധനവകുപ്പിന്റെ നിർദ്ദേശപ്രകാരം 275 ദിവസത്തേക്ക് അതായത് 01-04-23 മുതൽ 31-12-23 വരെയുള്ള പ്രിൻസിപ്പൽ തുകയുടെ പലിശ കണക്കാക്കി കെ.എസ്.ടി.പി. പ്രൊപ്പോസൽ സമർപ്പിക്കുകയും, അങ്ങനെ അനുവദിക്കുന്നതിനുള്ള അന്തിമ തുക 49,36,41,826.00 രൂപയായി (47,97,85,590.54 + 1,38,56,235.287) കണക്കാക്കുകയും ചെയ്തു.

23. M/s Road Builders (M)Sdn Bhd-ന് തുക നൽകുന്നതിന് ആവശ്യമായ തുകയായ 49,36,41,826.00 രൂപയുള്ള ഭരണാനുമതി അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾക്കായി ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സർക്കുലേറ്റ് ചെയ്തപ്പോൾ, ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാനും തുടർന്ന് സാധൂകരണത്തിനായി മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കാനും ഉത്തരവായി.

24. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം, Arb (Appeal) No. 28/2015, OP (Arb)685/2015 കേസിലെ E.P. No. 765/2015 എന്നീ കേസുകളിലെ കേസിൽ ഉൾപ്പെട്ട 02 & 04 നമ്പർ വ്യവഹാരങ്ങൾ തീർപ്പാക്കിയതുമായി ബന്ധപ്പെട്ട് M/s. Road Builders (M)Sdn Bhd ന് നൽകുന്നതിനുള്ള തുകയായ Rs.49,36,41,826/- രൂപയുടെ ഭരണാനുമതി 30-12-2023 തീയതിയിലെ ജി.ഒ(ആർ.ടി).1648/2023/PWD നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചു.

## Point for Decision

Arb (Appeal) No. 28/2015, OP (Arb)685/2015 കേസിലെ E.P. No. 765/2015 എന്നീ കേസുകളിൽ ഉൾപ്പെട്ട 02 & 04 നമ്പർ ഡിസ്പ്യൂട്ടുകൾ തീർപ്പാക്കിയതുമായി ബന്ധപ്പെട്ട് 30-12-2023 തീയതിയിലെ ജി.ഒ. (ആർ.ടി) നം.1648/2023/PWD പ്രകാരം M/s Road Builders (M)Sdn Bhd ന് നൽകുന്നതിന് ആവശ്യമായ തുകയായ Rs.49,36,41,826/- അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കാമോ;

# GOVERNMENT OF KERALA

## Abstract

Public Works Department - Dispute No. 02 & 04 involved in E.P. No. 765/2015 in OP (Arb) 685/2015 and Arb (Appeal) No.28/2015- Settlement made through mediation vide Order in Arb.A.No.28/2015 dated 14.02.2023 of Hon'ble High Court - Joint Statement-Complied with-Orders Issued.

## PUBLIC WORKS (D) DEPARTMENT

G.O.(Rt)No.1648/2023/PWD Dated,Thiruvananthapuram, 30-12-2023

1. G.O.(Rt)No.1014/2023/PWD Dated,Thiruvananthapuram, 26-07-2023
2. Joint statement filed by the Secretary , Public Works Department and M/s Road Builders (M)Sdn Bhd dated 02.08.2023.
3. Judgment of Hon'ble High Court in Arb.No.28 of 2015 dated 14.09.2023.
4. Letter No. KSTP/1796/2019/EE dated 28.11.2023 from the Chief Engineer, KSTP
5. Letter No. KSTP/1796/2019/EE dated 26.12.2023 from the Chief Engineer, KSTP

## ORDER

As per the Government order read as 1st paper above, Government have agreed with the Joint Statement read as 2nd paper above and accorded sanction for making payment of Rs.47,97,85,590.54 arrived at the final mediation meeting held on 26.06.2023 by adopting 7.5% interest per annum upto 31.03.2023 to the claimant /respondent, M/s. Road Builders(M)Sdn Bhd in Dispute No. 02&04 involved in E.P. No. 765/2015 in OP (Arb) 685/2015 and Arb (Appeal) No.28/2015 before 31.12.2023. The Chief Engineer, KSTP has been directed to furnish proposal to the above tune to Government for further processing for effecting payment and to place the matter before the Steering Committee of KSTP for approval.

2. As per letter read as 4th paper above, the Chief Engineer (KSTP) has furnished the proposal for an amount Rs. 47,97,85,590.54/-, including the interest for the due amount up to 31.03.2023. As the proposal submitted by KSTP was not in confirmity with the conditions laid down in the Joint Statement, it has been requested to revise the proposal.

3) As per the letter read as 5th paper above, the Chief Engineer (KSTP) has furnished the revised proposal for an amount Rs.49,36,41,826/-, including the interest upto 31.12.2023. The interest for 275 days ( from 01.04.2023 to 31.12.2023) on principal amount comes to Rs.1,38,56,235.29 and thus the total amount to be paid to the petitioner amounts to Rs.49,36,41,826/- (47,97,85,590.54 + 1,38,56,235.29) The Chief Engineer KSTP has requested to issue revised administrative sanction and to release the fund at the earliest.

4) Government have examined the matter in detail and are pleased to accord Administrative Sanction for an amount Rs.49,36,41,826/- (Rupees Fourty Nine Crore Thirty Six Lakh Fourty One Thousand Eight Hundred and Twenty Six only) for making payment to M/s Road Builders (M)Sdn Bhd relating to Settlement of dispute No. 02 & 04 involved in E.P. No. 765/2015 in OP (Arb) 685/2015) and Arb (Appeal) No. 28/2015.

This order is issued as part of complying with the Judgment of Hon'ble High Court read as 3rd paper above.

(By order of the Governor)
K BIJU I A S
SECRETARY

To:

The Project Director, KSTP
The Advocate General, Ernakulam (with C/L)
The Principal Accountant General (Audit/A&E), Kerala, Tvpm.
The Finance Department
( I&PW-B3/305/2022-FIN9(E- 2179146 dated 23/12/2023)
The Information Officer, Web & New Media

Stock File, Office Copy.

Copy to:

The Private Secretary to Chief Minister

The Private Secretary to Minister (PWD)

The PA to Secretary (PWD)

Forwarded /By order

Signed by
T S Sreeja
Date: 31-12-2023 10:12:46

Section Officer